പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 203

23.3.2012-ൽ മറുപടിക്ക്

## പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ. പി.ജയരാജൻ<br>ശ്രീ.സാജുപോൾ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.പി.റ്റി.എ.റഹീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള മുൻ സർക്കാരിന്റെ നടപടികൾ തുടർന്നുവരുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) വ്യവസായവകുപ്പിന്റെ അധീനതയിൽ പ്രവർത്തനം നിലച്ചുകിടന്നിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ 8 സ്ഥാപനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ ലിക്വിഡേറ്റ് ചെയ്യുന്നതിന്റെ ഭാഗമായി Easy Exit Scheme പ്രകാരം കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിൽ നിന്നും നീക്കംചെയ്തുകഴിഞ്ഞു. ഈ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ വ്യവസായ വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA, KSIDC, KSIE എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനങ്ങളുടെയും ബാക്കിയുള്ളവയുടെയും സ്ഥലം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br><br>ബാക്കിയുള്ള ലിക്വിഡേറ്റ് ചെയ്യാത്ത പ്രവർത്തനം നിലച്ചുകിടക്കുന്ന സ്ഥാപനങ്ങളുടെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് ആ സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുവാൻ KINFRA, KSIDC, KELTRON എന്നീ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. Kerala State Detergents & Chemicals Ltd-ന്റെ കാര്യത്തിൽ BIFR-ന്റെയും Keltron Power Devices Ltd, Keltron |

Rectifiers Ltd എന്നിവയുടെ കാര്യത്തിൽ ഹൈക്കോടതിയുടെയും തീരുമാനത്തിൻെറയും അടിസ്ഥാനത്തിലായിരിക്കും തുടർ നടപടികൾ സ്വീകരിക്കുക.

(ബി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറുവാൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ല. സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംസ്ഥാനത്തിൻെറ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുവാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) പുനരുദ്ധാരണത്തിനായി മുൻ സർക്കാരിൻെറ കാലത്ത് ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വിശദമാക്കാമോ;

(സി) വ്യവസായവകുപ്പിൻെറ അധീനതയിൽ പ്രവർത്തനം നിലച്ചുകിടന്നിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ മുൻ സർക്കാരിൻെറ കാലത്ത് പ്രവർത്തനക്ഷമമാക്കിയവയുടെ വിവരം ചുവടെ ചേർക്കുന്നു.

- KSTCയുടെ അധീനതയിലുള്ള Malabar Spinning & Weaving Mills തുറന്നു പ്രവർത്തിച്ചു.
- Trivandrum Spinning Mills Ltd ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill ആരംഭിച്ചിട്ടുണ്ട്.
- Kerala Soaps & Oils Ltdലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് KSIE-യുടെ അധീനതയിൽ പ്രവർത്തനം ആരംഭിച്ചു.

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കായി മുൻസർക്കാരിൻെറ കാലത്ത് നൽകിയ ധനസഹായത്തിൻെറ വിവരം ചുവടെ ചേർക്കുന്നു.

| MSWM | Rs.in lakhs |
|---|---|
| Government Equity | 731.57 |
| Government Loan | 800.00 |
| Equity from KMML | 750.00 |
| Loan from KMML | 750.00 |
| | |
| **Trivandrum Spinning Mills** | |
| | |
| Government Equity | 150.00 |
| Government Loan | 319.54 |
| Equity from MCL | 200.00 |
| Loan from MCL | 200.00 |

KSIE-യുടെ അധീനതയിൽ പ്രവർത്തനം ആരംഭിച്ച Kerala Soaps Unit-നായി 100 ലക്ഷം രൂപ പ്രവർത്തന മൂലധന സഹായമായി സർക്കാർ 2010-11 ൽ നൽകിയിരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം സ്ഥാപനങ്ങൾക്ക് എന്തെങ്കിലും സഹായങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ വിശദമായ അവലോകനത്തിനു വിധേയമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Malabar Spinning & Weaving Mills (MSWM), Trivandrum Spinning Mills Ltd എന്നിവയുൾപ്പെടെയുള്ള Kerala State Textiles Corporation Ltd-ന്റെ കീഴിലുള്ള മില്ലുകൾക്ക് പ്രവർത്തന മൂലധന സഹായമായി 7.82 കോടി രൂപ സർക്കാർ ഈ സാമ്പത്തികവർഷം നൽകിക്കഴിഞ്ഞു. KSIE-യുടെ Kerala Soaps Unit-ന്റെ വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് SIDCO-യുമായി ചേർന്ന് വിപണനശൃംഖലരൂപീകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ